നം.ജെഎസ്-4069/സീനിയോറിറ്റി സെൽ/2023

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
ജലസേചനവും ഭരണവും
തിരുവനന്തപുരം
തീയതി-09.04.2024

## നോട്ടീസ്

വിഷയം- ജലസേചനം-വിവരാവകാശ നിയമം 2005-സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരുടെ വിവരശേഖരണം-സംബന്ധിച്ച്

സൂചന- 20.05.2023,10.10.2023 എന്നീ തീയതികളിലെ CDNI/18/2023-GAD നമ്പർ സർക്കാർ കത്തുകൾ

ബഹു. സുപ്രിംകോടതി, വിവരാവാകാശ നിയമം 2005 പ്രകാരമുള്ള വിവരാവകാശ അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിന് പൊതുജനങ്ങളുടെ സൗകര്യാർത്ഥം RTI Online Portal സജ്ജമാക്കണമെന്ന് എല്ലാ സർക്കാരുകളോടും നിർദ്ദേശിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ RTI Online Portal (rtiportal.kerala.gov.in) സജ്ജമാക്കുകയും ജലസേചന വകുപ്പിനെ ആയതിന്റെ ഭാഗമാക്കുകയും ചെയ്തിട്ടുണ്ട്.

പോർട്ടലിന്റെ പരിപൂർണ്ണമായ നടത്തിപ്പിലേയ്ക്കായി വകുപ്പിന് കീഴിലുള്ള എല്ലാ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരുടെയും വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ട്. ആയതിനാൽ, എല്ലാ ചീഫ് എഞ്ചിനീയർമാരും അവരുടെ കാര്യാലയങ്ങളിലേയും എല്ലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാരും അവരുടെയും കീഴ് കാര്യാലയങ്ങളിലേയും വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിച്ച് nodal.rti.irrgn@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ 20.04.2023-ന് മുൻപായി ലഭ്യമാക്കേണ്ടതാണ്.

ലഭ്യമാക്കേണ്ടുന്ന വിവരങ്ങൾ

1. Name of office with PIN Code:
2. Name of Designation of SPIO:
3. Official Email Id & Phone Number:
4. Name of Designation & Appellate Authority:
5. Official Email Id & Phone Number:

മേൽ സൂചിപ്പിച്ച സമയപരിധിയ്ക്കുള്ളിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. ആയതിന്റെ അഭാവം മൂലം അപേക്ഷകന് സമയബന്ധിതമായി മറുപടി നൽകുവാൻ സാധിക്കാത്തപക്ഷം ആയതിന്റെ ഉത്തരവാദിത്വം ബന്ധപ്പെട്ട വിവരാവകാശ ഉദ്യോഗസ്ഥർക്ക് മാത്രമായിരിക്കും.

ചീഫ് എഞ്ചിനീയർക്കുവേണ്ടി

എല്ലാ ചീഫ് എഞ്ചിനീയർമാർക്കും സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്കും
(വെബ്സൈറ്റ് മുഖേന)

പകർപ്പ്

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഐ.ടി.സെൽ
(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)